(Pages : 5+ Outline Map of India) **ME 418**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2025

## SOCIAL SCIENCE

(Malayalam)

Time : 2½ Hours Total Score : 80

**പൊതുനിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- **PART-A** യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **PART-B** യിലെ ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഒരു ചോദ്യത്തിന് മാത്രമേ ഉത്തരം എഴുതേണ്ടതുള്ളൂ.

Score

### PART - A

**1.** ചുവടെ നൽകിയിരിക്കുന്നവയിൽ പാരമ്പര്യേതര ഊർജസ്രോതസ് ഏത് ? **1**

(a) കൽക്കരി (b) പെട്രോളിയം

(c) സൗരോർജം (d) പ്രകൃതിവാതകം

**2.** 'ഫോർവേഡ് ബ്ലോക്ക് ' എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകിയത് ആര് ? **1**

(a) ക്യാപ്റ്റൻ ലക്ഷ്മി (b) റാഷ് ബിഹാരി ബോസ്

(c) അരുണാ ആസഫലി (d) സുഭാഷ് ചന്ദ്രബോസ്

**3.** ചുവടെ നൽകിയിരിക്കുന്നവയിൽ കേന്ദ്ര സർവീസിൽ പെടുന്നതേത് ? **1**

(a) സെയിൽസ് ടാക്സ് ഓഫീസർ

(b) ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്

(c) ഇന്ത്യൻ ഫോറിൻ സർവീസ്

(d) ഇന്ത്യൻ പോലീസ് സർവീസ്

**4.** ചുവടെ തന്നിരിക്കുന്നവയിൽ കേന്ദ്ര സർക്കാർ ചുമത്തുന്ന നികുതിയിൽ ഉൾപ്പെടാത്തതേത് ? **1**

(a) കോർപ്പറേറ്റ് നികുതി (b) സ്റ്റാമ്പ് ഡ്യൂട്ടി

(c) വ്യക്തിഗത ആദായ നികുതി (d) സംയോജിത ജി.എസ്.ടി.

Score

5. ഹിമാലയൻ നദികളെ സംബന്ധിച്ച ശരിയായ പ്രസ്താവന കണ്ടെത്തി എഴുതുക. 1
   (a) താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടി പ്രദേശം
   (b) കുറഞ്ഞ അപരദന തീവ്രത
   (c) കുറഞ്ഞ ജലസേചന ശേഷി
   (d) സമതല പ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത

6. അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ എന്തെല്ലാം ? 3

7. അഴിമതി തടയുന്നതിനായി ഇന്ത്യയിൽ രൂപം നൽകിയിട്ടുള്ള ഏതെങ്കിലും മൂന്ന് സ്ഥാപനങ്ങളുടെ പേരെഴുതുക. 3

8. ഇന്ത്യയുടെ കാലാവസ്ഥ, ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തര പർവത മേഖല വഹിച്ച പങ്ക് വിശദമാക്കുക. 3

9. മുംബൈ ഇന്ത്യയുടെ പ്രധാന പരുത്തിത്തുണി വ്യവസായ കേന്ദ്രമാകുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ എന്തെല്ലാം ? 3

10. നികുതി എന്നാൽ എന്ത് ? വിവിധ തരം നികുതികൾ ഏതെല്ലാം ? 3

11. 'A' കോളത്തിന് അനുയോജ്യമായി 'B' കോളം ക്രമപ്പെടുത്തി എഴുതുക. 4

| A | B |
|---|---|
| വനിതാ സർവകലാശാല | രവീന്ദ്രനാഥ ടാഗോർ |
| കേരള കലാമണ്ഡലം | എം.എ. അൻസാരി |
| വിശ്വഭാരതി സർവകലാശാല | വള്ളത്തോൾ നാരായണ മേനോൻ |
| ജാമിഅ മില്ലിയ ഇസ്ലാമിയ | ഡി.കെ. കാർവെ |

12. ഗുരുവായൂർ സത്യാഗ്രഹത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. 4

13. ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വിവിധ വകുപ്പുകളും സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഏതെങ്കിലും രണ്ടെണ്ണം വിശദമാക്കുക. 4

14. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ എഴുതുക. 4

Score

15. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക. 4

(A) ആരവല്ലി പർവതനിര (B) വിശാഖപട്ടണം തുറമുഖം

(C) മാൾവാ പീഠഭൂമി (D) താപ്തി നദി

## PART - B

16. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണകാലത്ത് നടപ്പിലാക്കിയ ഭൂനികുതി സമ്പ്രദായങ്ങൾ ഏതെല്ലാം ? 3

**അല്ലെങ്കിൽ**

നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ സർദാർ വല്ലഭ് ഭായ് പട്ടേൽ വഹിച്ച പങ്ക് വ്യക്തമാക്കുക.

17. അന്തരീക്ഷ മർദ്ദവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3

(a) അന്തരീക്ഷമർദ്ദം അളക്കുന്നതിനുള്ള ഉപകരണം ഏത് ?

(b) ഒരേ അന്തരീക്ഷ മർദ്ദമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് ഭൂപടങ്ങളിൽ വരയ്ക്കുന്ന സാങ്കല്പിക രേഖകളുടെ പേരെന്ത് ?

(c) ഉയരവും അന്തരീക്ഷ മർദ്ദവും തമ്മിലുള്ള ബന്ധം സമർത്ഥിക്കുക.

**അല്ലെങ്കിൽ**

വസന്തകാലത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

18. കുറിച്യ കലാപത്തിന്റെ കാരണങ്ങൾ എന്തെല്ലാം ? 3

**അല്ലെങ്കിൽ**

സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര - സാങ്കേതിക രംഗത്ത് കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക.

19. മൈക്രോ ഫിനാൻസിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാം ? 4

**അല്ലെങ്കിൽ**

വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയിട്ടുള്ള ചില പദ്ധതികൾ താഴെ നൽകിയിരിക്കുന്നു. അവയുടെ ലക്ഷ്യങ്ങൾ എഴുതുക.

- സമഗ്ര ശിക്ഷാ അഭിയാൻ (SSA)
- രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA)

Score

20. ഇന്ത്യയിലെ വിവിധ തരം പൗരത്വം വ്യക്തമാക്കുക. 4

**അല്ലെങ്കിൽ**

പൗരബോധവും ധാർമികതയും തമ്മിലുള്ള ബന്ധം വിശദീകരിക്കുക.

21. ധരാതലീയ ഭൂപടങ്ങളിൽ പൊതുവായി കാണപ്പെടുന്ന സാംസ്കാരിക സവിശേഷതകൾ എന്തെല്ലാം ? 4

**അല്ലെങ്കിൽ**

ഭൂസ്ഥിര ഉപഗ്രഹങ്ങളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

22. ചുവടെ നൽകിയിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക. 4




**അല്ലെങ്കിൽ**

പൗരബോധം വളർത്തിയെടുക്കുന്ന ഘടകങ്ങൾ ഏതെല്ലാം ?

23. വാണിജ്യ ബാങ്കുകൾ നൽകുന്ന വായ്പകളാണ് പണ വായ്പയും ഓവർഡ്രാഫ്റ്റും. ഇവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ? 4

**അല്ലെങ്കിൽ**

തൊഴിൽ പങ്കാളിത്ത നിരക്കും ആശ്രയത്വ നിരക്കും താരതമ്യം ചെയ്യുക.

continue...

Score

24. മൺസൂൺ കാറ്റുകൾ എന്നാലെന്ത് ? മൺസൂൺ കാറ്റുകളുടെ രൂപീകരണത്തിൽ വാണിജ്യ വാതങ്ങളുടെ പങ്ക് വിശദമാക്കുക. 5

അല്ലെങ്കിൽ

സമയ നിർണയത്തിൽ ഗ്രീനിച്ച് രേഖയുടെയും അന്താരാഷ്ട്ര ദിനാങ്കരേഖയുടെയും പ്രാധാന്യം വിശദമാക്കുക.

25. അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക. 6

സൂചനകൾ :

- മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- ചിന്തകരും ആശയങ്ങളും

അല്ലെങ്കിൽ

സൂചനകളുടെ അടിസ്ഥാനത്തിൽ ഇറ്റലിയിലെ ഫാഷിസത്തിന്റെ വളർച്ചയെക്കുറിച്ച് വിശദമാക്കുക.

സൂചനകൾ :

- ഫാഷിസത്തിന്റെ സവിശേഷതകൾ
- മുസ്സോളിനിയുടെ നടപടികൾ

-o0o-